**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2405** **13-09-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ സ്മാർട്ട് അംഗൻവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷം പാലക്കാട് ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സ്മാർട്ട് അംഗൻവാടികളുടെ പട്ടിക ലഭ്യമാക്കാമോ; | (എ) | (എ) ഈ വർഷത്തെ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലയിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. അങ്കണവാടികളെ തിരഞ്ഞെടുത്തിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സ്മാർട്ട് അംഗൻവാടി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | (ബി) അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10, 7.5, 5, 3, 3 (Slopping Terrain), 1.25 സെന്റ്) അനുസരിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിന്റെയും, കോളേജ് ഓഫ് ആർക്കിടെക്ചറിന്റെയും സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, പൂന്തോട്ടം, പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി. വി, മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ, കുട്ടികൾ വീണാൽ പരിക്ക് പറ്റാതിരിക്കുവാൻ ക്ലാസ്സ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട് ഡോർ പ്ലേ ഏരിയയിൽ ഗ്രാസ് മാറ്റ്, റീഡിംഗ് കോർണർ, ചുമർ ചിത്രങ്ങൾ, പാരന്റ്സ് വെയിറ്റിംഗ് റൂം, അഡോളസെന്റ് കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ വികാസത്തിനായി സ്കിപ്പിംഗ് റോപ്, ചെസ് ബോർഡ്, കാരം ബോർഡ്, ഫിംഗർ പോപ്പറ്റ് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് അനുസരിച്ച് ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ